**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2507** **04-03-2025 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക നിക്ഷേപ സമാഹരണ രംഗത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യാവസായിക നിക്ഷേപ സമാഹരണ രംഗത്ത് സർക്കാർ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 2022 മുതൽ സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സംരംഭകവർഷം പദ്ധതി. പ്രസ്തുത പദ്ധതിയുടെ വിജയം ദേശീയ-അന്തർദ്ദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2025 ഫെബ്രുവരി 27 വരെയുള്ള കാലയളവിൽ ഉദ്പാദന/ സേവന വ്യാപാര മേഖലയിൽ 3,46,188 പുതിയ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 22209.39 കോടി രൂപയുടെ നിക്ഷേപവും 7,34,445 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായി നാളിതുവരെ നിരവധി വ്യവസായികളുമായി യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ വൺ റ്റു വൺ ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി നാളിതുവരെ 100ൽ അധികം യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ മേഖലയിലുള്ള നിരവധി സംരംഭങ്ങൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡി സ്പേസ്, അത്താച്ചി, ആർ.സി.സി. നടാ ഫില്ല്സ് (ഭാരത് ബയോടെക്), ലീവെയ്ജ്, ആസ്കോ ഗ്ലോബൽ, അവിഘ്ന, ബിൽടെക്, നെസ്റ്റോ ഗ്രൂപ്പ്, വെൻഷ്വർ, ഡൈനിമേറ്റഡ്, മുരള്യ, മിനാർ തുടങ്ങിയവയാണ് സംസ്ഥാനത്തു പ്രവർത്തനം ആരംഭിച്ചത്. മറ്റ് സംരംഭങ്ങൾ വിവിധ ഘട്ടങ്ങളിലായി നിർമ്മാണ |

പ്രവർത്തനങ്ങളിലോ പദ്ധതിയുടെ പ്രാരംഭ നടപടികളുമായി മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്.

മീറ്റ് ദി ഇൻവെസ്റ്റർ, ഇൻവെസ്റ്റർ പിച്ച് പദ്ധതികളുടെ ഭാഗമായി നാളിതുവരെ 15,000 കോടിയിൽ പരം രൂപയുടെ നേരിട്ടുള്ള നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് കരുതുന്നു. കൂടാതെ ജനറൽ മാനേജറുടെ നേതൃത്വത്തിൽ കെ.എസ്.ഐ.ഡി.സിയുടെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ടീമും സംസ്ഥാനതലത്തിലും ദേശീയ തലത്തിലും വ്യവസായികളെയും നിക്ഷേപകരെയും നേരിൽ കണ്ട് സംസ്ഥാനത്തേക്ക് വ്യവസായം/ നിക്ഷേപം കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ നടത്തി വരുന്നു.

കിൻഫ്ര സംസ്ഥാനത്തിനകത്ത് വ്യാവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിൽ ഒരു സുപ്രധാന സ്ഥാപനമായി പ്രവർത്തിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമോട്ടീവ്, ഇലക്ട്രോണിക്സ്, ഫുഡ് പ്രോസസിംഗ്, ടെക്സ്റ്റൈൽസ് എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ മൂലധനം ആകർഷിക്കാൻ ലക്ഷ്യമിട്ടുള്ള നിരവധി വ്യവസായ പാർക്കുകൾ, പ്രത്യേക സാമ്പത്തിക മേഖലകൾ (SEZ), നിക്ഷേപ മേഖലകൾ എന്നിവ വിജയകരമായി സ്ഥാപിച്ചു. കിൻഫ്രയുടെ സംരംഭങ്ങൾ ഫാർമസ്യൂട്ടിക്കൽസ്, ഇലക്ട്രോണിക്സ്, ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്ന കമ്പനികളിൽ നിന്ന് കാര്യമായ നിക്ഷേപം നേടിയിട്ടുണ്ട്. കൂടാതെ, സാങ്കേതികവിദ്യ, നിർമ്മാണം, മറ്റ് മേഖലകൾ എന്നിവയിൽ വളർന്നുവരുന്ന ബിസിനസ്സുകൾക്ക് ഇൻകുബേഷൻ സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്ന സെമൈന്റ് പാർക്കുകൾ പോലുള്ള സംരംഭങ്ങളിലൂടെ സ്റ്റാർട്ടപ്പുകൾക്കും സംരംഭകത്വത്തിനും പിന്തുണ നൽകാൻ കിൻഫ്ര പ്രതിജ്ഞാബദ്ധമാണ്. ഏകജാലക ക്ലിയറൻസ്, അവശ്യ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ സേവനങ്ങൾ നൽകിക്കൊണ്ട് നിക്ഷേപം സുഗമമാക്കുന്നതിൽ കോർപ്പറേഷൻ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇതിന്റെ ഫലമായി കേരളത്തിന് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ 30 വിഭാഗങ്ങളിൽ 9-ലും ഒന്നാമതെത്തിയത് ശ്രദ്ധേയമായ നേട്ടമാണ്.

കൂടാതെ കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.യുടെയും ഭൂമി നൽകാനുള്ള ചട്ടം (ലാൻഡ് ഡിസ്പോസൽ റെഗുലേഷൻസ്) പരിഷ്കരിച്ചു. പാട്ടവ്യവസ്ഥകൾ കാലോചിതമായും

| | | | |
|---|---|---|---|
| | | | നിക്ഷേപ സൗഹൃദമായും പരിഷ്കരിക്കുകയാണ് ചട്ട ഭേദഗതിയിലൂടെ ചെയ്തിരിക്കുന്നത്. ഇതുമൂലം വ്യവസായ മേഖലയിൽ നിക്ഷേപവും വളർച്ചയും പ്രോത്സാഹിപ്പിക്കാനും വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്താനും സാധിക്കും. |
| (ബി) | നിക്ഷേപ സമാഹരണ പ്രവർത്തനങ്ങളിൽ ഒരു സുപ്രധാന നാഴികക്കല്ലായി മാറുവാൻ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം ലോകശ്രദ്ധയിലേക്കെത്തിക്കുന്നതിനും ഈ സംഗമം വഴിയൊരുക്കി. സുസ്ഥിര വികസനം, ഡിജിറ്റൽ ഇന്നോവേഷൻ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിന്റെ തന്ത്രപ്രധാനമായ വ്യാവസായിക വളർച്ചയ്ക്ക് കരുത്തേകുന്ന ചർച്ചകൾക്കുള്ള വിശാലമായ വേദിയായിരുന്നു ഇത്. ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാനസൗകര്യങ്ങൾ, യോജിച്ച ബിസിനസ്സ് അന്തരീക്ഷം എന്നിവ കേരളത്തെ ഉയർന്ന നിലവാരമുള്ള നിക്ഷേപ കേന്ദ്രമായി ഉയർത്തുന്നു. ഇതിലൂടെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപങ്ങൾക്ക് പുതിയ വാതായനങ്ങൾ തുറക്കപ്പെടുന്നു. കേരളത്തിന്റെ വ്യാവസായിക വളർച്ചക്കും സാമ്പത്തിക സുസ്ഥിരതക്കും ഉതകുന്ന നിർണായക ചുവടുവെയ്പായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്.<br><br>പ്രസ്തുത ഉച്ചകോടിയിൽ വിവിധ താല്പര്യ പത്രങ്ങളിലൂടെ ഉയർന്ന നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>ഫെബ്രുവരി 21-22 തീയതികളിൽ കൊച്ചിയിൽ നടന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025, കേരളത്തിന്റെ നിക്ഷേപ സമാഹരണ പ്രവർത്തനങ്ങളിൽ ഒരു സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തി. 374 കമ്പനികളിൽ നിന്നായി ഏകദേശം 1.53 ലക്ഷം കോടി രൂപയുടെ നിക്ഷേപങ്ങൾക്കായി ഉച്ചകോടി താൽപ്പര്യ പ്രകടനങ്ങൾ (ഇഒഐകൾ) ആകർഷിച്ചു. ശ്രദ്ധേയമായ, 24 ഐടി കമ്പനികൾ കേരളത്തിൽ തങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചു, ഏകദേശം 8,500 കോടി രൂപയുടെ അധിക നിക്ഷേപവും 60,000 പുതിയ |

| | | | |
|---|---|---|---|
| | | | തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.<br><br>എയ്റോസ്പേസ്, ഡിഫൻസ്, അഗ്രി-ഫുഡ് പ്രോസസിംഗ്, ബയോടെക്നോളജി, ഇലക്ട്രോണിക്സ്, ഊർജം, ഹെൽത്ത് കെയർ, ഐടി, ലോജിസ്റ്റിക്സ്, ഫാർമസ്യൂട്ടിക്കൽസ്, തുറമുഖങ്ങൾ, ഷിപ്പിംഗ്, ടെക്സ്റ്റൈൽസ്, ടൂറിസം തുടങ്ങി 22 പ്രധാന മേഖലകളെക്കുറിച്ചുള്ള ചർച്ചകളാണ് ഉച്ചകോടിയിൽ നടന്നത്. നിക്ഷേപസൗഹൃദ അന്തരീക്ഷം പരിപോഷിപ്പിക്കുന്നതിനുള്ള കേരളത്തിന്റെ പ്രതിബദ്ധതയും നവീകരണത്തിനും നിക്ഷേപത്തിനുമുള്ള ആഗോള കേന്ദ്രമെന്ന നിലയിൽ അതിന്റെ സാധ്യതയും ഉച്ചകോടിയുടെ വിജയം അടിവരയിടുന്നു. |

സെക്ഷൻ ഓഫീസർ